## പതിമൂന്നാം കേരള നിയമസഭ - ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:3696 19/02/2013 - ൽ മറുപടിക്ക്

### പബ്ലിക് മാർക്കറ്റ് നവീകരിക്കുന്ന പദ്ധതി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. ജി.എസ്. ജയലാൽ: | ശ്രീ.കെ. ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി): |
| (എ) ഫിഷറീസ് വകുപ്പ് കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സഹായത്തോടെയോ, മറ്റേതെങ്കിലും ഏജൻസികളുടെ സഹകരണത്തോടു കൂടിയോ പബ്ലിക് മാർക്കറ്റ് നവീകരിക്കുന്നതിനും അടിസ്ഥാനസൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നുണ്ടോ; വിശദാംശം അറിയിക്കുമോ; | (എ) മത്സ്യവിപണനം നവീകരിക്കുന്നതിന്റെ ഭാഗമായി ദേശീയ മത്സ്യ വികസന ബോർഡിന്റെ സാമ്പത്തിക സഹായത്തോടുകൂടി കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന സംസ്ഥാനത്തുടനീളം 50 ആധുനിക മത്സ്യ മാർക്കറ്റുകൾ സ്ഥാപിക്കുന്നതാണ്. ആയതിനാൽ 29 മത്സ്യമാർക്കറ്റുകൾക്ക് ദേശീയ മത്സ്യ വികസന ബോർഡിന്റെ അംഗീകാരം ലഭിച്ചു കഴിഞ്ഞു. |
| (ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏതൊക്കെ ജില്ലകളിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കിയെന്നും, എത്രതുക പ്രസ്തുത ആവശ്യത്തിലേയ്ക്ക് അനുവദിച്ചുവെന്നുമുള്ള വിവരങ്ങൾ വ്യക്തമാക്കുമോ? | (ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കോട്ടയം, ഇടുക്കി, തൃശ്ശൂർ, എറണാകുളം, മലപ്പുറം, വയനാട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിലായി ആകെ 2627.81 ലക്ഷം രൂപ അടങ്കൽ തുക വരുന്ന 12 ആധുനിക മത്സ്യമാർക്കറ്റുകൾ നിർമ്മിക്കുന്നതിനായി ഭരണാനുമതി നൽകിട്ടുണ്ട്. ഇതിൽ 8 മത്സ്യമാർക്കറ്റുകളുടെ പ്രവർത്തനം പുരോഗമിച്ചു വരുന്നു. പ്രസ്തുത ആവശ്യത്തിലേക്കായി 176.379 ലക്ഷം രൂപ തീരദേശ വികസന കോർപ്പറേഷന് അനുവദിച്ച് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ